ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 11.05.2026 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. സ്വയംപര്യാപ്ത ഇന്ത്യ രൂപപ്പെടുത്തുന്നതിൽ സാങ്കേതികവിദ്യ പരമ പ്രധാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**Prime Minister Narendra Modi said that technology is of utmost importance in building a self-reliant India.**

2. ജനങ്ങൾ പൊതുഗതാഗത സൗകര്യം പ്രയോജനപ്പെടുത്തി പെട്രോൾ, ഡീസൽ ഉപഭോഗം പരമാവധി കുറയ്ക്കണമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. വിദേശയാത്രകളും, സ്വർണം വാങ്ങുന്നതുമടക്കം നിയന്ത്രിച്ച് വിദേശനാണ്യ കരുതൽ ശേഖരം സംരക്ഷിക്കണമെന്നും അഭ്യർത്ഥന.

**Defence Minister Rajnath Singh urged people to make maximum use of public transport facilities and reduce the consumption of petrol and diesel. He also appealed to people to restrict foreign travel and gold purchases in order to protect the country's foreign exchange reserves.**

3. രാജ്യത്ത് അസംസ്കൃത എണ്ണയുടെ ശേഖരം 60 ദിവസത്തേക്കും, എൽപിജി ശേഖരം 45 ദിവസത്തേക്കും അവശേഷിക്കുന്നതായി മന്ത്രിതല യോഗത്തിൽ വിലയിരുത്തൽ.

**A ministerial meeting assessed that the country has crude oil reserves sufficient for 60 days and LPG reserves sufficient for 45 days.**

4. കേരളത്തിലെ പുതിയ മുഖ്യമന്ത്രി ആരെന്ന കാര്യത്തിൽ കോൺഗ്രസ് ഹൈക്കമാൻഡിന്റെ തീരുമാനം വൈകിയേക്കും. അസമിൽ ഹിമന്ദ ബിശ്വ ശർമയുടെ നേതൃത്വത്തിലുള്ള സർക്കാർ നാളെ സത്യപ്രതിജ്ഞ ചെയ്യും.

**The decision of the Congress high command regarding the new Chief Minister of Kerala may be delayed. In Assam, the government led by Himanta Biswa Sarma will be sworn in tomorrow.**

5. വിബി-ജി റാംജി നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് വിജ്ഞാപനം പുറത്തിറക്കി കേന്ദ്ര സർക്കാർ.

**Centre notifies implementation of Viksit Bharat – G RAM G Act; To be rolled out from 1st of July.**

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് - ഡൽഹി ക്യാപിറ്റൽസ് പോരാട്ടം.

**In the Indian Premier League cricket tournament today, Punjab Kings will take on Delhi Capitals.**

**&&&&&&&&&&&&&&&&&&&**

## PM - SOMNATH (INTRO)

സ്വയംപര്യാപ്ത ഇന്ത്യ രൂപപ്പെടുത്തുന്നതിൽ സാങ്കേതികവിദ്യ പരമ പ്രധാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ദേശീയ സാങ്കേതികവിദ്യാ ദിനത്തിൽ ആശംസകൾ നേരുകയായിരുന്നു അദ്ദേഹം. 1998 മെയ് 11-ന് പൊഖ്റാനിൽ ഇന്ത്യ ആണവ പരീക്ഷണം നടത്തിയതിന്റെ സ്മരണാർത്ഥമാണ് ദിനാചരണം. ഇന്ത്യയുടെ രാഷ്ട്രീയ ഇച്ഛാശക്തി എത്രത്തോളം അചഞ്ചലമാണെന്ന് ഈ പരീക്ഷണങ്ങൾ ലോകത്തിന് മുന്നിൽ തെളിയിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്)

ഗുജറാത്തിലെ സോമനാഥ് ക്ഷേത്രം പുതുക്കിപ്പണിത് 75 വർഷം പൂർത്തിയായതിനോട് അനുബന്ധിച്ച് നടന്ന സോമനാഥ് അമൃത്പർവ് ആഘോഷത്തിന്റെ സമാപന ചടങ്ങിലും പ്രധാനമന്ത്രി പങ്കെടുത്തു. അചഞ്ചലമായ വിശ്വാസത്തിന്റെയും ദൈവികതയുടെയും പ്രതീകമാണ് സോമനാഥ ക്ഷേത്രം എന്ന് അദ്ദേഹം പറഞ്ഞു. വഡോദരയിലെ സർദാർധാം ഹോസ്റ്റൽ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിച്ചു.

********************************

## GOVT - PETROLEUM PRODUCT

രാജ്യത്തെ ജനങ്ങൾ പൊതുഗതാഗത സൗകര്യവും കാർ പൂളിംഗും പ്രയോജനപ്പെടുത്തി പെട്രോൾ, ഡീസൽ ഉപഭോഗം പരമാവധി കുറയ്ക്കണമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. അനാവശ്യ വിദേശ യാത്രകൾ ഒഴിവാക്കണമെന്നും ആഭ്യന്തര വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. അത്യാവശ്യമല്ലെങ്കിൽ ഒരു വർഷത്തേക്ക് സ്വർണ്ണം വാങ്ങുന്നത് ഒഴിവാക്കി വിദേശനാണ്യ കരുതൽ ശേഖരം സംരക്ഷിക്കാൻ സഹായിക്കണമെന്നും ശ്രീ രാജ്നാഥ് സിങ്ങ് അഭ്യർത്ഥിച്ചു. പശ്ചിമേഷ്യൻ സ്ഥിതിഗതികൾ നിരീക്ഷിക്കാൻ രൂപീകരിച്ച അനൗപചാരിക മന്ത്രിതല സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് അസംസ്കൃത എണ്ണയുടെയും പ്രകൃതി വാതകത്തിന്റെയും ശേഖരം 60 ദിവസത്തേക്കും, എൽപിജി ശേഖരം 45 ദിവസത്തേക്കും അവശേഷിക്കുന്നുണ്ടെന്നും യോഗം വിലയിരുത്തി. രാസവള ഉപയോഗം 50 ശതമാനം കുറയ്ക്കുക, പ്രകൃതിദത്ത കൃഷി രീതികൾ സ്വീകരിക്കുക, ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കുക, സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ജലസേചന പമ്പുകൾ ഉപയോഗിക്കുക എന്നീ നിർദേശങ്ങളും യോഗത്തിൽ ഉയർന്നു വന്നു. പ്രധാനമന്ത്രിയുടെ നിർദേശങ്ങൾ താഴെത്തട്ടിൽ നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ രാജ്യരക്ഷാ മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

കേന്ദ്രമന്ത്രിമാരായ ജെ പി നഡ്ഡ, അശ്വിനി വൈഷ്ണവ്, ഹർദീപ് സിംഗ് പുരി, സർബാനന്ദ് സോനോവാൾ, കിരൺ റിജിജു, ജിതേന്ദ്ര സിംഗ്, കെ. റാംമോഹൻ നായിഡു എന്നിവർ യോഗത്തിൽ പങ്കെടുത്തു.

*******************************

## INTER MINISTERIAL-BRIEFING (INTRO)

രാജ്യത്തുടനീളം ആവശ്യത്തിന് ഇന്ധന ലഭ്യതയുണ്ടെന്നും ഗാർഹിക ആവശ്യങ്ങൾക്കുള്ള എൽപിജി വിതരണം തടസമില്ലാതെ തുടരുന്നുണ്ടെന്നും കേന്ദ്ര സർക്കാർ. കഴിഞ്ഞ മൂന്ന് ദിവസങ്ങളിൽ ഒരു കോടി 14 ലക്ഷം എൽപിജി സിലിണ്ടറുകൾ വീടുകളിൽ എത്തിച്ചതായും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ ന്യൂഡൽഹിയിൽ പറഞ്ഞു. പെട്രോളിന്റെയും ഡീസലിന്റെയും ഉപഭോഗം കുറയ്ക്കണമെന്ന പ്രധാനമന്ത്രിയുടെ അഭ്യർത്ഥന ശ്രീമതി സുജാത ശർമ്മ ആവർത്തിച്ചു. പൊതുഗതാഗത സൗകര്യവും കാർ പൂളിംഗും പ്രയോജനപ്പെടുത്തണമെന്നും അവർ നിർദ്ദേശിച്ചു.

(വോയിസ്....)

പശ്ചിമേഷ്യൻ മേഖലയിലെ സ്ഥിതിഗതികൾ വിദേശകാര്യ മന്ത്രാലയം സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് ഗൾഫ് മേഖലയുടെ ചുമതലയുള്ള അഡീഷണൽ സെക്രട്ടറി അസീം ആർ മഹാജൻ പറഞ്ഞു. ഖാരിഫ് സീസണ് വേണ്ടിവരുന്നതിന്റെ 51 ശതമാനത്തിലധികം വളം രാജ്യത്ത് സ്റ്റോക്കുണ്ടെന്ന് രാസവള മന്ത്രാലയം അഡീഷണൽ സെക്രട്ടറി അപർണ ശർമ വാർത്ത സമ്മേളനത്തിൽ അറിയിച്ചു.

*******************************

## KERALA GOVERNMENT FORMATION

കേരളത്തിലെ പുതിയ മുഖ്യമന്ത്രി ആരെന്ന കാര്യത്തിൽ തീരുമാനം വൈകിയേക്കും. കെപിസിസി മുൻ അധ്യക്ഷന്മാരിൽ നിന്നും, വർക്കിങ്ങ് പ്രസിഡന്റുമാരിൽ നിന്നും കോൺഗ്രസ് ഹൈക്കമാൻഡ് അഭിപ്രായം ആരായുമെന്നാണ് സൂചന. മുഖ്യമന്ത്രി സ്ഥാനത്തേക്ക് മുതിർന്ന നേതാക്കളായ കെ.സി വേണുഗോപാൽ, വി.ഡി സതീശൻ, രമേശ് ചെന്നിത്തല എന്നിവരിൽ നിന്ന് ആരെ നിയോഗിക്കണമെന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നതിനാണ് ഹൈക്കമാൻഡ് കൂടുതൽ നേതാക്കളുടെ അഭിപ്രായം ആരായുന്നത്. ന്യൂഡൽഹിയിൽ ശനിയാഴ്ച മൂവരുമായും എഐസിസി അധ്യക്ഷൻ മല്ലികാർജുൻ ഖർഗേയും, മുതിർന്ന നേതാവ് രാഹുൽ ഗാന്ധിയും ചർച്ച നടത്തിയിരുന്നു.

*********************************

## ASSAM-TN-PDY

അസമിൽ ഹിമന്ദ ബിശ്വ ശർമയുടെ നേതൃത്വത്തിലുള്ള സർക്കാർ നാളെ സത്യപ്രതിജ്ഞ ചെയ്യും. ഖാനപാരയിൽ നടക്കുന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, തുടങ്ങിയ പ്രമുഖർ പങ്കെടുക്കും. 126 അംഗ അസം നിയമസഭയിൽ 102 സീറ്റ് നേടിയാണ് ഹിമന്ദ ബിശ്വ ശർമയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാർ ഭരണം നിലനിർത്തിയത്. പുതുച്ചേരി മുഖ്യമന്ത്രിയായി എൻ രംഗസാമി മറ്റന്നാൾ സത്യപ്രതിജ്ഞ ചെയ്യും. തമിഴ്നാട്ടിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട എംഎൽഎമാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. നിയമസഭ സമ്മേളനത്തിൽ, പ്രോ-ടെം സ്പീക്കർ എം.വി. കറുപ്പയ്യ സത്യവാചകം ചൊല്ലിക്കൊടുത്തു. നാളെയാണ് സ്പീക്കറെ തിരഞ്ഞെടുക്കുന്നത്.

*********************************

## WB CABINET

ഇന്ത്യ - ബംഗ്ലാദേശ് അതിർത്തിയിലെ സുരക്ഷാ വേലി നിർമാണത്തിനുള്ള ഭൂമി 45 ദിവസത്തിനുള്ളിൽ അതിർത്തി സുരക്ഷാ സേനയ്ക്ക് കൈമാറാൻ തീരുമാനിച്ചതായി പശ്ചിമ ബംഗാൾ മുഖ്യമന്ത്രി സുവേന്ദു അധികാരി. പുതിയ സർക്കാർ അധികാരമേറ്റതിന് ശേഷം നടന്ന ആദ്യ മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം. കൂടാതെ ആയുഷ്മാൻ ഭാരത് ആരോഗ്യ പദ്ധതി ഉൾപ്പടെയുള്ള കേന്ദ്ര പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കാനും, സ്കൂൾ ജോലിക്ക് അപേക്ഷിക്കുന്നവരുടെ പ്രായപരിധി ഉയർത്താനുമുള്ള നിർദേശങ്ങൾ മന്ത്രിസഭ അംഗീകരിച്ചു.

**********************************

## VB - G RAM G (INTRO)

വിക്സിത് ഭാരത് - ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) ആക്ട്, 2025 അഥവാ VB-G RAM G നിയമം നടപ്പാക്കാനുള്ള വിജ്ഞാപനം പുറത്തിറക്കി കേന്ദ്ര സർക്കാർ. ഈ വർഷം ജൂലൈ 1 മുതൽ രാജ്യവ്യാപകമായി നിയമം നടപ്പാക്കും. സാമ്പത്തിക വർഷത്തിലുടനീളം 125 തൊഴിൽ ദിനങ്ങൾ ഉറപ്പുനൽകുന്ന ഈ നിയമം ഗ്രാമീണ ഇന്ത്യയെ ശാക്തീകരിക്കുമെന്ന് ഗ്രാമവികസന മന്ത്രാലയം അറിയിച്ചു.

**വിശദാംശ ങ്ങളിലേ ക്ക്....**

*(വോയിസ്....)*

*ഇരുപത് വർഷം പഴക്കമുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം - MGNREGA 2005 ന് പകരമായാണ് VB-G RAM G നിലവിൽ വരുന്നത്. ഗ്രാമ വികസനം ഉറപ്പാക്കുന്നതിനും കൂടുതൽ വരുമാന സുരക്ഷ ഉറപ്പു നൽകി ഗ്രാമീണ കുടുംബങ്ങളെ ശാക്തീകരിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. നിശ്ചിത സമയത്തിനുള്ളിൽ ജോലി*

*നൽകിയില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും പുതിയ നിയമം ഉറപ്പ് നൽകുന്നു. രാജ്യത്തുടനീളം VB-G RAM G നടപ്പാക്കുന്നതിനായി 2026–27 സാമ്പത്തിക വർഷത്തിൽ 95,692 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വേതനം തൊഴിലാളികളുടെ ബാങ്ക് അല്ലെങ്കിൽ പോസ്റ്റ് ഓഫീസ് അക്കൗണ്ടുകളിലേക്ക് ആഴ്ചതോറും നേരിട്ട് കൈമാറും. ജോലി പൂർത്തിയാക്കി പതിനഞ്ച് ദിവസത്തിനുള്ളിൽ വേതനം നൽകിയില്ലെങ്കിൽ തൊഴിലാളികൾക്ക് നഷ്ട പരിഹാരത്തിന് അർഹതയുണ്ടായിരിക്കും. ഗ്രാമീൺ റോസ്ഗാർ ഗ്യാരണ്ടി കാർഡുകൾ ലഭിക്കുന്നത് വരെ നിലവിലുള്ള MGNREGA തൊഴിൽ കാർഡുകൾ സാധുവായി തുടരും. കാർഡുകൾ ഇല്ലാത്ത തൊഴിലാളികൾക്ക് ഗ്രാമപഞ്ചായത്ത് തലത്തിൽ രജിസ്റ്റർ ചെയ്യുന്നത് തുടരാം.*

*ന്യൂസ്ഡെസ്ക് ആകാശവാണി.....*

*********************************

## IPL

ഐപിഎൽ ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ് - ഡൽഹി ക്യാപിറ്റൽസിനെ നേരിടുന്നു. ടോസ് നേടിയ ഡൽഹി ബൗളിങ് തിരഞ്ഞെടുത്തു. ധരംശാലയിലാണ് മത്സരം.

*********************************

## ODI RANKING

ഐസിസി ഏകദിന ക്രിക്കറ്റ് റാങ്കിംഗിൽ ഒന്നാം സ്ഥാനം നിലനിർത്തി ഇന്ത്യ. റേറ്റിംഗ് 119 ൽ നിന്ന് 118 ആയി കുറഞ്ഞിട്ടുണ്ട്. 113 പോയിന്റുമായി ന്യൂസിലൻഡ് ആണ് രണ്ടാം സ്ഥാനത്ത്.

*********************************

## FACT CHECK - OPERATION SINDOOR

ഓപ്പറേഷൻ സിന്ദൂരിനിടെ ഇന്ത്യൻ വിമാനങ്ങളെയും വ്യോമതാവളങ്ങളെയും പാകിസ്ഥാൻ ലക്ഷ്യമിട്ടതായി വൈസ് അഡ്മിറൽ എ എൻ പ്രമോദ് വെളിപ്പെടുത്തുന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് കേന്ദ്ര സർക്കാർ. വൈസ് അഡ്മിറൽ അത്തരമൊരു പ്രസ്താവന നടത്തിയിട്ടില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധന വിഭാഗം സ്ഥിരീകരിച്ചു

**********************************

## RAIN - KERALA

കേരളത്തിൽ അടുത്ത 5 ദിവസങ്ങളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത. തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദം അടുത്ത 48 മണിക്കൂറിനുള്ളിൽ കൂടുതൽ ശക്തിപ്പെടാൻ സാധ്യതയുണ്ട്. ലക്ഷദ്വീപിനും കേരള തീരത്തിനും സമീപത്തായി ചക്രവാതച്ചുഴി നിലനിൽക്കുന്നതിനാൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

*

*****************

*************************************************